# യഹോവെക്കായി പ്രത്യാശിക്ക

## 1 തെസ്സലൊനിക്യർ 1:2-3

"ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."

തെസ്സലൊനിക്യയിൽ തന്റെ ദൈവപ്രവൃത്തി ഫലപ്രാപ്തിയിൽ എത്തിയതിന്റെ സന്തോഷം അവിടെയുള്ളവരോട് പങ്കുവെയ്ക്കുകയാണ് പൗലോസ് ഈ ലേഖനത്തിന്റെ ആദ്യ അദ്ധ്യായത്തിൽ ചെയ്യുന്നത്. അത് തെസ്സലൊനിക്യരെ വളരെയധികം ദൈവത്തിൽ പ്രശംസിച്ചുകൊണ്ടാണ് എഴുതിയിരിക്കുന്നത്. അതിൽ ആദ്യ രണ്ടു വാക്യം മാത്രമാണ് നാം ചിന്തയ്ക്കായി വെയ്ക്കുന്നത്. പൗലോസിന്നു തെസ്സലൊനിക്യരെ ഓർത്ത് നന്ദി പറയുവാൻ കാരണങ്ങളേറെയാണ്, അതിൽ 3 എണ്ണമാണ് മേൽവായിച്ച വചനത്തിൽ കാണുന്നത്. അത് ഇപ്രകാരം പറയുന്നു, അവരിൽ നിക്ഷിപ്തമായ വിശ്വാസത്തിന്റെ വേല, സ്നേഹത്തോടു കൂടിയ ദൈവീക പ്രയത്നം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരത. തെസ്സലൊനിക്യർ, അവർ കേട്ടതും പ്രസംഗിച്ചതുമായ കാര്യങ്ങൾ ആചരിക്കുകയും അതു അവരുടെ ദൈനംദിന ജീവിതത്തിൽ പ്രകടമാക്കുകയും ചെയ്തിരുന്നു എന്നാണ് പൗലോസ് ഇവിടെ വ്യക്തമാക്കുന്നത്. അതായിരുന്നു അവരെക്കുറിച്ചുള്ള വലിയ സാക്ഷ്യവും.

ഇവിടെ നാം ഒന്നു ചിന്തിച്ചു നോക്കുക, നമ്മുടെ കൂട്ടായ്മയിലും, സമൂഹത്തിലും ഒക്കെ ക്രിസ്തുവിൻ പോരാളികളായി നിൽക്കുന്നവരായ നാം, നമ്മൾ കേട്ടതും, കണ്ടതും, പ്രസംഗിച്ചതുമായ വചനത്തിൽ അധിഷ്ടിതമായിട്ടാണോ ജീവിക്കുന്നത്. ഇവിടെ പറയുന്നു തെസ്സലൊനിക്യരുടെ ദൈവീക പ്രയത്നം കർത്താവായ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ പ്രചോദിതവും ആ സ്നേഹത്തിൽ വേരൂന്നിയതും ആയിരുന്നു എന്ന്. ഇവിടെയാണ് ക്രിസ്തുവിശ്വാസികൾ അല്ലെങ്കിൽ സത്യക്രിസ്ത്യാനികളെന്ന നിലയിൽ ജീവിതത്തെ മുമ്പോട്ടു കൊണ്ടു പോകുന്നവരായ നാം ചിന്തിക്കേണ്ടത്. ഇന്ന് ഒരു കടമബോധ്യത്തിൽ നിന്നു സഹിക്കുന്ന തരത്തിലാണോ നമ്മുടെ ജീവിതങ്ങളെ നാം മുമ്പോട്ടു കൊണ്ടു പോകുന്നത്? നമ്മുടെ ജീവിതം ക്രിസ്തുവിനു വേണ്ടി ജീവിക്കുവാനുള്ളതാണ്; അതും അവൻ നമ്മെ സ്നേഹിച്ച സ്നേഹത്തിന്റെ തീവ്രത

മനസ്സിലാക്കി അതേ അളവിലും തൂക്കത്തിലും ആയിത്തീരുവാൻ ശ്രമിക്കണം, കാരണം പാപത്തിൻ ശമ്പളം മരണമെന്നിരിക്കേ കൊടുംപാപിയായി മരണത്തെ മുഖാമുഖം കണ്ട എന്നെയും നിങ്ങളെയും വീണ്ടെടുക്കുവാൻ നമുക്ക് പകരമായി അവൻ ക്രൂശിൽ യാഗമായി തീർന്നു. ഈ സ്നേഹത്തിന്നു തുല്യം വെയ്ക്കാൻ ഇന്നു യാതൊന്നിനും സാധ്യമല്ല. ഈ ലോക ജീവിതത്തിൽ ഒരു പക്ഷെ നമുക്ക് മറ്റ് എന്തിനെയും വിട്ടകന്ന് ജീവിക്കുവാൻ സാധിച്ചേക്കാം എന്നാൽ ഈ കർത്താവിൽ നിന്നകന്നുള്ള ഒരു ജീവിതം നമ്മുടെ ജീവിതത്തിൽ ശൂന്യതുയുടെ ഒരു കൂമ്പാരം തീർക്കുവാനിടയായിത്തീരും, കാരണം അവൻ നമ്മുടെ സന്തോഷവും, സമാധാനവും, ലക്ഷ്യവും എല്ലാം എല്ലാമാണ്.

ഒടുവിൽ പൗലോസ് പറയുന്നത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള തെസ്സലൊനിക്യരുടെ പ്രത്യാശയുടെ സ്ഥിരതയെക്കുറിച്ചാണ്. ക്രിസ്തു അന്നു മടങ്ങി വരും എന്നുള്ള പ്രത്യാശയിൽ അവർ അവരുടെ ജീവിതത്തെ ക്രമീകരിച്ച് അതിനായി ഒരുങ്ങി ജീവിച്ചു. അങ്ങനെയെങ്കിൽ ഇന്നു നമ്മുടെ മുമ്പിലുള്ള ഒരു വെല്ലുവിളിയാണിത്. നാം എത്രമാത്രം ഈ കർത്താവിന്റെ വരവിനായി, അത് ഇന്നാണെങ്കിൽ ഇന്ന് എന്ന നിലയിൽ, നമ്മുടെ ജീവിതങ്ങളെ ക്രമീകരിച്ച് അതിനായി ഒരുങ്ങി കാത്തിരിക്കുന്നുണ്ട്. നാം ഇന്നും, അവൻ വരുമ്പോൾ വിളക്കിൽ എണ്ണ തീർന്നിട്ട് അതിനെ നിറെപ്പാൻ കടന്നു പോയ 5 കന്യകമാരുടെ അവസ്ഥയിൽ അല്ലെ ജീവിക്കുന്നത്. ചിന്തിക്കുക, ഉണരുക, ദൈവസ്നേഹത്തിൽ അധിഷ്ടിതമായി നമ്മുടെ പ്രയത്നങ്ങളെ മുമ്പോട്ടു കൊണ്ടു വരിക. കർത്താവിന്റെ സ്നേഹത്താൽ പ്രചോദിതരായി അവന്റെ പ്രത്യാശയിൽ സ്ഥിരതയുള്ളവരായി അവന്നു വേണ്ടി കാത്തിരിപ്പാൻ ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം:**

**സങ്കീർത്തനങ്ങൾ 37:34**

യഹോവെക്കായി പ്രത്യാശിച്ചു അവന്റെ വഴി പ്രമാണിച്ചു നടക്ക; എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയർത്തും.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 130**